(ബി) കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം ആലപ്പുഴയിലെ കനാലുകളുടെ സംരക്ഷണത്തിന് സഹായകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(സി) സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട കമ്മിറ്റികൾ യഥാസമയം വിളിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

വട്ടക്കായലിലെ ടൂറിസം കോംപ്ലക്സ് നിർമ്മാണം

125 (1881) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ വട്ടക്കായലിൽ ടൂറിസം കോംപ്ലക്സ് നിർമ്മാണത്തിന് എത്ര തുക ഇതുവരെ സ്ഥലം അക്വയർ ചെയ്യുന്നതിനുൾപ്പെടെ ചെലവഴിച്ചു എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴയിലെ വട്ടക്കായലിൽ ടൂറിസം കോപ്ലക്സ് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടില്ല

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി കിട്ടാൻ കാലതാമസം നേരിട്ടിട്ടുള്ളതിനാൽ ഈ പദ്ധതി നിർത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ആലപ്പുഴ ജില്ലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമിട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. അതിന്റെ പരിധിയിൽ ഈ സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ട്.

(സി) സമഗ്ര ടൂറിസം വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്ന പദ്ധതിയിൽ ഈ സ്ഥലം ഉൾപ്പെടുന്നുണ്ട്.

കാക്കത്തുരുത്ത് ദ്വീപിലെ ടൂറിസം സാദ്ധ്യതകൾ

126 (1882) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ദ്വീപിലെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ :

(ബി) ഭൂപ്രകൃതിക്ക് മാറ്റം വരുത്താതെ ഈ ദ്വീപിലേക്ക് കാർട്ടബിൾ പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള പദ്ധതി രൂപീകരിച്ചു വരുന്നു. പ്രസ്തുത ടൂറിസം സർക്യൂട്ടിൽ ഈ സ്ഥലവും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പാലം നിർമ്മാണം പോലുള്ള പ്രവൃത്തികൾ ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കുന്നില്ല.

തൃശ്ശൂർ ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന പ്രധാന പദ്ധതികൾ

127 (1884) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിൽ നടത്തിവരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് സഹായം നൽകിയ വിനോദസഞ്ചാര പ്രവർത്തനങ്ങൾ എന്തൊക്കെ എന്നറിയിക്കുമോ ;

(സി) ഏനാമാക്കൽ ജലോത്സവവുമായി ബന്ധപ്പെട്ട് സഹായം നൽകിയോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പദ്ധതികൾ തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിവരുന്നു.

1. ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നവീകരണം
2. പാലിയൂർ പള്ളി പുനരുദ്ധാരണം
3. വടക്കേച്ചിറ പുനരുദ്ധാരണം
4. നാടൻ മാന്തോപ്പ് പദ്ധതി
5. മുസിരിസ് ഹെറിറ്റേജ് പദ്ധതി
6. അതിരപ്പള്ളി, വാഴച്ചാൽ ടൂറിസം പദ്ധതി
7. പീച്ചി ഡാം സൗന്ദര്യവൽക്കരണം
8. കൂത്തമ്പലം, രാമനിലയം തൃശ്ശൂർ
9. നാട്ടിക-വാടാനപ്പള്ളി ബീച്ച് റോഡ്
10. ചാലക്കുടി - വാഴച്ചാൽ റോഡ്
11. വാഴാനി ഡാം സൗന്ദര്യവൽക്കരണം

(ബി) ഓണാഘോഷം പുര നിലാവ്, ഉത്സവം, പുലിക്കളി

(സി) ഏനാമാക്കൽ ജലോത്സവുമായി ബന്ധപ്പെട്ട് സഹായം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly